# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4903** **24/07/2015-ൽ മറുപടിക്ക്**

## സദ് ഗമയ അഡോളസന്റ് ഹെൽത്ത് കെയർ പദ്ധതി

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെയും കൗമാരപ്രായക്കാരുടെയും ശാരീരിക ബൗദ്ധിക മാനസിക വികസനത്തിനായി ഹോമിയോപ്പതി വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | (എ) | വിദ്യാർത്ഥികളുടെയും, കൗമാരക്കാരുടെയും ശാരീരിക ബൗദ്ധിക മാനസിക വികസനത്തിനായി ഹോമിയോപ്പതി വകുപ്പ് അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം (സദ്ഗമയ) എന്ന ഒരു പദ്ധതി 2012-13 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സദ് ഗമയ അഡോളസന്റ് ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ആരോഗ്യ സംരക്ഷണത്തോടൊപ്പം ബാല്യകാലത്തും പ്രത്യേകിച്ച് കൗമാരകാലത്തും അവരിൽ കണ്ടുവരുന്ന വ്യക്തിത്വ അപഭ്രംശങ്ങളേയും പെരുമാറ്റ വൈകല്യങ്ങളേയും ഹോമിയോപ്പതി ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും പരിഹരിച്ച് ക്രിയാത്മകവും ഊർജ്ജസ്വലതയും ആരോഗ്യവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് സദ്ഗമയ അഡോളസെന്റ് ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.<br>ഫലപ്രദവും പാർശ്വഫല രഹിതവും മാനസിക-ബൗദ്ധിക-സൂക്ഷ്മ തലങ്ങളിൽ വരെ പ്രവർത്തിക്കാൻ കഴിയുന്നതുമായ ഹോമിയോപ്പതി മരുന്നുകളുടെ ചികിത്സ, വിദഗ്ധ കൗൺസിലിംഗ്, വിദ്യാഭ്യാസ കാര്യങ്ങളിൽ വൈദഗ്ധ്യം നേടിയ സവിശേഷ അദ്ധ്യാപകരുടെ സേവനം ഇടങ്ങിയവയെ സമന്വയിപ്പിച്ചുകൊണ്ട് കൗമാരക്കാരുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യപ്പെടുന്നത്. ഇതിനായി ഡോക്ടർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സവിശേഷ വിദ്യാഭ്യാസ അദ്ധ്യാപകർ (സ്പെഷ്യൽ എഡ്യൂക്കേഷൻ ബി.എഡ്. ടീച്ചർ) എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ